പത്രക്കുറിപ്പ്                                                        06.12.2019

# കലാവിരുന്നിന്റെ മാസ്മരികതയുമായി ഡിസൈൻ വീക്ക് സായാഹ്നങ്ങളെത്തും

കൊച്ചി: രാജ്യത്തെ ഏറ്റവും വലിയ ഡിസൈൻ ഉച്ചകോടിയായി മാറുന്ന കൊച്ചി ഡിസൈൻ വീക്കിന്റെ സായാഹ്നങ്ങളെ സമ്പന്നമാക്കാനൊരുങ്ങുന്നത് മാസ്മരിക കലാപ്രകടനങ്ങൾ.

ആദ്യ ദിനത്തിൽ കേരള കലാമണ്ഡലം, രണ്ടാം ദിനം പ്രഗതി ബാൻഡ്, മൂന്നാം ദിവസത്തിൽ തൈക്കൂടം ബ്രിഡ്ജ് എന്നിവയുടെ ഏറ്റവും പുതിയ കലാപരിപാടികളാണ് ബോൾഗാട്ടി ഐലൻഡിലെ വേദിയിൽ അരങ്ങേറുന്നത്.

കേരള കലാമണ്ഡലം അവതരിപ്പിക്കുന്ന 'അണ്ടർ ദി ട്രീ' എന്ന ഫ്യൂഷൻ കലാശിൽപ്പമാണ് ഉദ്ഘാടന ദിവസത്തെ പ്രധാന ആകർഷണം. നൂറിൽപരം കലാകാരന്മാർ അണി നിരക്കുന്ന ഈ പരിപാടിയിൽ കേരളത്തിന്റെ സാംസ്കാരിക തനിമയെ സമകാലീനമായ രീതിയിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.

വൈകീട്ട് ഏഴ് മണി മുതലാണ് സംഗീത പരിപാടികൾ ആരംഭിക്കുക. പൊതുജനങ്ങൾക്കപ്രവേശനം സൗജന്യമാണ്.

പ്രശസ്ത പിന്നണി ഗായകൻ ഹരിശങ്കർ നയിക്കുന്ന സ്വതന്ത്ര മ്യൂസിക് ബാൻഡായ 'പ്രഗതി' അവതരിപ്പിക്കുന്ന സംഗീത നിശയാണ് രണ്ടാം ദിവസത്തെ ആകർഷണം. കഴിഞ്ഞ പത്തു കൊല്ലമായി നിരവധി ഹിറ്റുകൾ കൊണ്ട് മലയാളി മനസിൽ കയറിക്കൂടിയ ഹരിശങ്കർ തെന്നിന്ത്യയിലെ ഏറ്റവും ശ്രദ്ധേയനായ ഗായകനാണ്. 'പ്രഗതി' ബാൻഡിന്റെ 'ഗതി, ബോധി, മുക്തി' എന്ന ത്രിഭാഷാ ആൽബം ഏറെ നിരൂപക ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു.

കേരളത്തിന്റെ സ്വന്തം അന്താരാഷ്ട്ര ബാൻഡായ തൈക്കൂടം ബ്രിഡ്ജിന്റെ ഏറ്റവും പുതിയ ആൽബമായ 'നമ:' യുടെ കേരളത്തിലെ ആദ്യ ഷോയാണ് ഡിസൈൻ വീക്കിന്റെ അവസാന ദിനസന്ധ്യയെ ആവേശത്തിലാഴ്ത്താൻ പോകുന്നത്.

ഭക്ഷണവിഭവങ്ങളുടെ മികച്ച അനുഭവമൊരുക്കാനായി ഡിസൈൻ ഫുഡ് ഫെസ്റ്റിവലും ഉച്ചകോടിയോട് അനുബന്ധമായി നടത്തുന്നുണ്ട്. ഡിസൈൻ വീക്ക് നടക്കുന്ന ദിവസങ്ങളിൽ വൈകീട്ട് ആറു മുതൽ പൊതുജനങ്ങൾക്ക് സൗജന്യമായി ഭക്ഷണ വിഭവങ്ങളുടെ ഡിസൈൻ കാണാനും ഭക്ഷണം ആസ്വദിക്കാനുമുള്ള അവസരമുണ്ട്.

രൂപകൽപ്പനയിലും വാസ്തുവിദ്യയിലും രാജ്യത്തെ ഏറ്റവും വലിയ ഹബ്ബാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന ഇലക്ട്രോണിക്സ്-ഐടി വകുപ്പ് ഡിസൈൻ വീക്ക് ഉച്ചകോടി ഒരുക്കുന്നത്. ഡിസൈനുമായി ബന്ധപ്പെട്ട സമസ്തമേഖലയിലെ നൂതന പ്രവണതകളും സമ്പ്രദായങ്ങളുമുൾപ്പെടെ ചർച്ച ചെയ്യുന്ന സമ്മേളനത്തിൽ അന്താരാഷ്ട്ര വിദഗ്ധരുൾപ്പെടെ അയ്യായിരത്തിൽപരം പേരാണ് പങ്കെടുക്കുന്നത്. https://kochidesignweek.org/ എന്ന വെബ്സൈറ്റ് വഴി ഉച്ചകോടിയിൽ രജിസ്റ്റർ ചെയ്യാം.